# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5478 — 04/07/2013-ൽ മറുപടിയ്ക്ക്

## ജലവിഭവ വകുപ്പിൽ ഇ-ടെണ്ടറിംഗ്

**ചോദ്യം**

ശ്രീ. പി.എ. മാധവൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. റ്റി.എൻ. പ്രതാപൻ

**മറുപടി**

ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) ജലസേചന വകുപ്പിലെ കരാറുകളുടെ സുതാര്യത ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) & (ബി) | **ചീഫ് എഞ്ചിനിയർ, ജലസേചനവും ഭരണവും**<br><br>ഇ-ടെണ്ടറിംഗ് സംവിധാനം വഴി ദർഘാസ് നടപടികൾ കൂടുതൽ എളുപ്പവും സുതാര്യവും ആയി മാറും. കരാറുകാർക്ക് ഓഫീസുകളിൽ കയറി ഇറങ്ങാതെ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. ഈ സംവിധാനം വഴി കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ കഴിയും. കരാറുകാർക്ക് ഓഫീസുകളിൽ പോകാതെ തന്നെ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. ഏതൊക്കെ കരാറുകാർ പങ്കെടുക്കുന്നുണ്ട് എന്ന വിവരം അറിയുവാൻ സാധിക്കുന്നതല്ല. ഇത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ കരാറുകാർ ദർഘാസിൽ പങ്കെടുക്കുന്നതുമൂലം മത്സരസ്വഭാവമുള്ള ദർഘാസുകൾ ലഭിക്കുന്നതിനും കൂടുതൽ പരിചയസമ്പത്തുള്ള കരാറുകാർ ദർഘാസിൽ പങ്കെടുക്കുന്നതിനും അവസരം ഒരുക്കും. |
| (ബി) എന്തെല്ലാം സൗകര്യങ്ങളാണ് കരാറുകാർക്കും മറ്റുള്ളവർക്കും ഈ സംവിധാനം വഴി ലഭിക്കുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ